മിച്ചഭൂമിയിൽനിന്നു നാം പൊതു ആവശ്യത്തിനായി നൽകിയിട്ടുള്ള ഭൂമി

*591 [630] ശ്രീ. വി. കെ. രാജൻ:

,, കണിയാപുരം രാമചന്ദ്രൻ:

,, കെ. ടി. കുമാരൻ:

,, എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മിച്ചഭൂമിയായി പ്രഖ്യാപിക്കപ്പെട്ട ഭൂമിയിൽനിന്നും പൊതു ആവശ്യത്തിനായി എത്ര ഭൂമി സർക്കാർസ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമായി നൽകിയിട്ടുണ്ട്;

(ബി) ഇങ്ങനെ ഭൂമി നൽകുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡം എന്ത്?

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ):

(എ) 1979 ഫെബ്രുവരി 28 വരെ മിച്ചഭൂമിയായി പ്രഖ്യാപിക്കപ്പെട്ട 113190.73 ഏക്കർ ഭൂമിയിൽ 69835.85 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 13994.18 ഏക്കർ ഭൂമി പൊതു ആവശ്യങ്ങൾക്കായും കൃഷിയോഗ്യമല്ലാത്ത പാറക്കെട്ട് വെള്ളക്കെട്ട് എന്നിവ ഉൾപ്പെട്ടതായതിനാൽ വ്യക്തികൾക്ക് വിതരണം ചെയ്യാതെയും നീക്കിവെച്ചിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങൾ, പഞ്ചായത്തുകൾ, പൊതുസ്ഥാപനങ്ങൾ, സ്കൂളുകൾ, പൊതുവഴി മുതലായവയ്ക്കാണ് ഭൂമി നീക്കിവയ്ക്കുന്നത്. സ്വകാര്യ വ്യക്തികൾക്ക് മിച്ചഭൂമി പൊതു ആവശ്യത്തിന്റെപേരിൽ നീക്കിവെക്കാറില്ല.

(ബി) പൊതുആവശ്യത്തിന് മിച്ചഭൂമി നീക്കിവയ്ക്കുന്നതിന് പ്രത്യേകമാനദണ്ഡം ഒന്നും നിശ്ചയിച്ചിട്ടില്ല. പൊതു താൽപര്യം മുൻനിർത്തിയും പൊതുആവശ്യത്തിന്റെ സ്വഭാവവും ഭൂമിയുടെ ലഭ്യതയും മറ്റും കണക്കിലെടുത്തുമാണ് സാധാരണയായി മിച്ചഭൂമി പൊതുആവശ്യങ്ങൾക്കായി നീക്കിവയ്ക്കുന്നത്.

ഹജ്ജ് യാത്രയ്ക്ക് ആളെ കണക്കാക്കുന്ന സമ്പ്രദായം

*592 [631] ശ്രീ. കെ. കെ. എസ്. തങ്ങൾ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹജ്ജ് യാത്രയ്ക്ക് ജനസംഖ്യാടിസ്ഥാനത്തിൽ ആളെ കണക്കാക്കുന്ന സമ്പ്രദായം അവസാനിപ്പിക്കാൻ ആവശ്യപ്പെടുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

. ആവശ്യപ്പെട്ടിട്ടുണ്ട്. വീണ്ടും ആവശ്യപ്പെടുന്നുണ്ട്.

ചെറുകിട പത്രങ്ങൾക്ക് പരസ്യങ്ങൾ നൽകാൻ നടപടി

*593 [632] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

ചെറുകിട പത്രങ്ങൾക്കുകൂടി ഗവൺമെന്റ് പരസ്യങ്ങൾ കുറച്ചൊക്കെ കൊടുക്കാൻ നടപടി സ്വീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly